അദ്ധ്യക്ഷനായി ഒരു സമിതിയും നിലവിലുണ്ട്. ട്രൈബ്യൂണൽ മുമ്പാകെ കേസ്സ് വാദിക്കുന്നതിനായി സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകൻ ഡോ. രാജീവ് ധവാനെയും അഡ്വ. ശ്രീ ദീപക്കിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ താൽപ്പര്യസംരക്ഷണത്തിനാവശ്യമായ നിയമപരവും ഭരണപരവുമായ എല്ലാ മറ്റ് നടപടികളും സന്ദർഭോചിതമായി എടുത്തുവരുന്നുണ്ട്.

(സി) ഇല്ല.

106 (1465) പുതിയ റേഷൻ കാർഡുകൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ ലഭിക്കുന്നതിന് എന്തെങ്കിലും പ്രയാസം അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) അർഹതപ്പെട്ടവർക്ക് യഥാസമയം കാർഡ് ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി)&(സി) പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് യാതൊരു പ്രയാസവും ഇപ്പോൾ ഇല്ല. ഇതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നല്കിയിട്ടുണ്ട്.

107 (1467) റേഷൻ സാധനങ്ങളുടെ വില്പന

ശ്രീ. എം. മുരളി :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ വാങ്ങുമ്പോൾ മറ്റു സാധനങ്ങൾ കൂടി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങൾ എന്തെല്ലാമെന്ന് പറയുമോ;

(സി) റേഷൻ പഞ്ചസാര വാങ്ങണമെങ്കിൽ ഗോതമ്പ് പൊടി വാങ്ങണമെന്ന് നിർബന്ധമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇപ്രകാരം നിർബന്ധിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചോദ്യം ഉദിക്കുന്നില്ല.

108 (1468) റേഷൻകടകളിലൂടെ പലവ്യഞ്ജനങ്ങൾ

ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകളിൽക്കൂടി ഇപ്പോൾ ഏതെല്ലാം സാധനങ്ങളാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻഷോപ്പിലൂടെ പലവ്യഞ്ജനങ്ങൾ വിൽക്കാനുള്ള സർക്കാരിന്റെ പദ്ധതി എത്ര റേഷൻഷോപ്പിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷം ഇതിനായി സർക്കാർ എത്ര തുക ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിയുടെ വിപുലീകരണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) റേഷൻഷോപ്പ് ഉടമകളുടെ നിസ്സഹകരണം ഇക്കാര്യത്തിലുണ്ടോ എന്നു വ്യക്തമാക്കുമോ; എങ്കിൽ ഇതൊഴിവാക്കി പല വ്യഞ്ജന വിതരണം വിപുലീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പി.ഡി.എസ്. ആട്ട എന്നിവയാണ് ഇപ്പോൾ സംസ്ഥാനത്തെ റേഷൻകടകളിലൂടെ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. കൂടാതെ തെരഞ്ഞെടുത്ത റേഷൻകടകളിലൂടെ താഴെ പറയുന്ന നിത്യോപയോഗ സാധനങ്ങളും വിതരണം നടത്തുന്നുണ്ട്.

1. ചെറുപയർ
2. ഉഴുന്ന് (തൊലി കളഞ്ഞത്)
3. ഉഴുന്ന് (പിളർന്നത്)
4. വൻകടല
5. ചെറുകടല
6. വൻപയർ
7. തുവരപ്പരിപ്പ്
8. പീസ്പരിപ്പ്
9. വറ്റൽ മുളക്
10. മല്ലി
11. ജീരകം

LIBRARY ARCHIVES Kerala Legislative Assembly